**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3914** **17-03-2025-ൽ മറുപടിയ്ക്ക്**

**<u>കോഴിക്കോട് മെഡിക്കൽ കോളേജിൽ കാസ്പ് സൗജന്യ ചികിത്സ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് മെഡിക്കൽ കോളേജിൽ 2021 മുതൽ ഓരോ വർഷവും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന എത്ര പേർ സൗജന്യ ചികിത്സയ്ക്ക് എത്തുന്നുണ്ടെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** കോഴിക്കോട് മെഡിക്കൽ കോളേജിൽ 2021 മുതൽ ഓരോ വർഷവും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന സൗജന്യ ചികിത്സ നൽകിയവരുടെ കണക്ക്, ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** ഓരോ വർഷവും ഇതിനായി എത്ര രൂപ ചെലവ് വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉത്തരം(എ) പിരിവിൽ ചേർത്തിരിക്കുന്നു.

**(സി)** ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ ഓരോ വർഷവും എത്ര രൂപ ലഭിച്ചുവെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് മാത്രമായി കേന്ദ്ര വിഹിതം കണക്കാക്കാൻ സാധിക്കുകയില്ല. സംസ്ഥാനത്താകെ പദ്ധതി നടപ്പിലാക്കുന്നതിനായിട്ടാണ് കേന്ദ്ര വിഹിതം നൽകിയിട്ടുള്ളത്. പദ്ധതിയ്ക്ക് ലഭിച്ച കേന്ദ്ര വിഹിതം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

| FY | ലഭിച്ച കേന്ദ്ര വിഹിതം |
|---|---|
| 2020-21 | 138.10 കോടി |
| 2021-22 | 138.89 കോടി |
| 2022-23 | 151.33 കോടി |
| 2023-24 | 151.33 കോടി |

| | |
|---|---|
| 2024-25 | 151.33 കോടി |

**(ഡി)** കേന്ദ്രസഹായം ലഭിക്കുന്നതിൽ കുടിശികയുണ്ടോ; എങ്കിൽ എത്ര വർഷത്തെ തുക ലഭിക്കാനുണ്ടെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** കാരുണ്യ പദ്ധതിയുടെ ക്ലെയിം തുകയൊന്നും കേന്ദ്ര സർക്കാരിൽ നിന്നും കുടിശ്ശികയായി ലഭിക്കാനില്ല. എന്നാൽ പദ്ധതിയുടെ ഭരണ നിർവഹണത്തിനായി കേന്ദ്ര സർക്കാർ നൽകേണ്ട 3.4 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ഈ വർഷം ലഭിക്കാനുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം I

| FY | സൗജന്യ ചികിത്സ നൽകിയവരുടെ കണക്ക് | ചെലവായ തുക |
|---|---|---|
| 2020 - 2021 | 13732 | 42.93 കോടി രൂപ |
| 2021 - 2022 | 23133 | 83.35 കോടി രൂപ |
| 2022 - 2023 | 28667 | 114.55 കോടി രൂപ |
| 2023 - 2024 | 25813 | 128.38 കോടി രൂപ |
| 2024 - 2025 | 22528 | 115.57 കോടി രൂപ |

സെക്ഷൻ ഓഫീസർ